No. of Printed Pages : 4

2004113 **3053**

*Register Number* | | | | | | |

# Language – Part I – MALAYALAM – Paper I

## (Poetry and Grammar)

Time : 3 Hours ] [ Maximum Marks : 100

കുറിപ്പ് : (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനുവേണ്ടി ചോദ്യപ്പേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടനെത്തന്നെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുന്നതിന് കറുപ്പോ നീലയോ മഷി ഉപയോഗിക്കുക.

**I. നാലെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും അഞ്ച് വരിയിൽ കവിയരുത്.** **4x2=8**

1. എൻ. വി. കൃഷ്ണവാര്യരുടെ വ്യക്തിത്വത്തെപ്പറ്റി എഴുതുക.
2. വള്ളത്തോളിനെക്കുറിച്ചെന്തറിയാം ?
3. സുഗതകുമാരിയെക്കുറിച്ച് ഒരു ചെറിയ വിവരണം തയ്യാറാക്കുക.
4. വൈലോപ്പിള്ളിയേയും അദ്ദേഹത്തിന്റെ കൃതികളേയും പരിചയപ്പെടുത്തുക.
5. ഉണ്ണായിവാര്യരെക്കുറിച്ചെന്തറിയാം ?
6. എഴുത്തച്ഛനെക്കുറിച്ചെന്തറിയാം ?

**II. മൂന്നെണ്ണത്തിന് സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.** **3x4=12**

7. 'നിത്യവും ചെയ്യുന്ന കർമ്മഗണഫലം
കർത്താവൊഴിഞ്ഞു മറ്റന്യൻ ഭുജിക്കുമോ ?
താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്താനനുഭവിച്ചീടുകെന്നേ വരൂ'

8. അല്ലേ ഗൃഹസ്ഥ, നീ ധന്യനായ്; ലോകത്തി-
ലില്ലിതിൻമീതേ വിരുന്നുകാരൻ;
അല്ലാ പ്രമോദം; ഭവാന്റെ കാൽമുട്ടുകൾ
തെല്ലും മടങ്ങാതെ നിൽപ്പതെന്തേ ?

9. ഒന്നും നശിക്കുന്നീലെന്നും മനുഷ്യനി-
ലെന്നുണ്ടറിയുന്നൂ നിൻ മുത്തശ്ശി.
ഇമ്മുതുഹൃത്തിലുണ്ടൊട്ടേറെ സമ്പത്തു,-
നിൻ മൃദുകൈകൾക്കും വാരിച്ചിന്നാൻ!

10. വിഷവാതമൂതാത്ത
വിഷവാണി കേൾക്കാത്ത
വിഷനീർ കുടിക്കാത്ത
നാടെവിടെ മക്കളേ ?

[ Turn over

11. എന്തിനീയാൾത്തിക്കിന്റെ നടുവിൽതന്നെനിർത്തു-
ന്നെന്തിനിത്തിയും ശബ്ദഘോഷവുമിരമ്പലും!
എന്തിനായ് ? ആനക്കൊന്നും മനസ്സിലാകുന്നില!
നൊമ്പരം മാത്രം, ക്ഷീണം മാത്രം, ഹാ! ഭയം മാത്രം

**III. മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും പത്തു വരിയിൽ കവിയരുത്. 3x4=12**

12. ആനയുടെ പുലർകാല സങ്കടമെന്ത് ?
13. ശിമോൻ യേശുവിനെ സത്കരിച്ചതെങ്ങനെ ?
14. കാട്ടാളന് വിരക്തി തോന്നാനുണ്ടായ സാഹചര്യമെന്ത് ?
15. കുഞ്ഞിക്കാലടിപ്പാടുകളെ മായ്ക്കുന്ന ഓർമ്മകളെന്തെല്ലാം ?
16. കവി അനുസ്മരിക്കുന്ന നാടിന്റെ നഷ്ടപ്പെട്ടുപോയ സുന്ദരദൃശ്യങ്ങൾ എന്തെല്ലാമാണ് ?

**IV. രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ഓരോ പുറത്തിൽ കവിയരുത്. 2x10=20**

17. മുത്തശ്ശി തന്റെ മക്കളെ ഓർക്കുന്നതെങ്ങനെയെല്ലാമാണ് ?
18. ആന അനുഭവിക്കുന്ന ദുഃഖങ്ങൾ ചുരുക്കിയെഴുതുക.
19. 'എന്റെ മൂന്നു വീടുകൾ' എന്ന കവിതക്കൊരു ആസ്വാദനമെഴുതുക.
20. കലങ്ങുന്ന നദിയെ കവി എങ്ങനെയെല്ലാമാണ് ചിത്രീകരിക്കുന്നത് ?
21. 'ഓണപ്പാട്ടുകാർ' എന്ന കവിതയുടെ ഉള്ളടക്കം എഴുതുക.

**V. താഴെ കൊടുത്തിട്ടുള്ള പദ്യഭാഗങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. 2x4=8**

22. സ്വാദുക്കളാകിയ ഭോജ്യങ്ങളോരോന്നും
സാധുക്കൾ പാചകന്മാർ വിളമ്പി
പച്ചവെള്ളത്തിനെ മുന്തിരിച്ചാറാക്കി
വെച്ച ഭഗവാനു ഭക്ഷിപ്പാനായ്

1. പച്ചവെള്ളത്തെ മുന്തിരിച്ചാറാക്കിയ ഭഗവാൻ ആര് ?
2. ഭോജ്യങ്ങൾ വിളമ്പിയത് ആരാണ് ?
3. ഈ വരികൾ ആരെഴുതിയതാണ് ?
4. ഈ വരികൾ ഏത് കവിതയിലുൾപ്പെടുന്നു ?

23. നിത്യം മരാമരേത്യേവം ജപിക്ക നീ
ചിത്തമേകാഗ്രമാക്കി കൊണ്ടനാരതം
ഞങ്ങളിങ്ങോട്ടു വരുവോളവും പുന-
രിങ്ങനെത്തന്നേ ജപിച്ചിരുന്നിടു നീ.

1. ആരാണ് ഞങ്ങൾ ?
2. എങ്ങനെ ജപിക്കാനാണ് പറഞ്ഞത് ?
3. ഏതു പദ്യത്തിലെ വരികളാണിവ ?
4. ഇത് എഴുതിയ കവി ആര് ?

24. മുറ്റം ചുളിവീണൊരീമുഖത്താൽസുക്യാ-
ലുറ്റുനോക്കുന്ന നിൻ കൺമുനകൾ
വാർദ്ധക്യപ്പാഴ്മണ്ണടരുകൾ നീക്കുന്നു
വാത്സല്യത്തിന്റെ കിനിവു കാണാൻ.
1. കൺമുനകൾ എങ്ങനെയാണ് ഉറ്റുനോക്കുന്നത് ?
2. വാർദ്ധക്യപ്പാഴ്മണ്ണടർ എന്തിനാണ് നീക്കുന്നത് ?
3. ഏതു പദ്യത്തിലെ വരികളാണിവ ?
4. ഇത് എഴുതിയ കവി ആര് ?

VI. പദ്യഭാഗം പൂരിപ്പിക്കുക. 1x8=8
25. ദുഷ്കർമസഞ്ചയം __________ അനുഭവിച്ചീടുകെന്നേ വരൂ.
അല്ലെങ്കിൽ
26. ആ വസന്തത്തിന്റെ __________ മുറ്റം പൂകിയോരെ.

VII. 27. രണ്ടെണ്ണത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക. 2x3=6
(i) കാകളി (ii) കേക
(iii) രഥോദ്ധത (iv) വിയോഗിനി

28. രണ്ടെണ്ണത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതുക. 2x3=6
(i) ദീപകം (ii) യമകം
(iii) ഉല്ലേഖം (iv) വിഷമം

VIII. 29. യോജിച്ചവ ചേർത്തെഴുതുക. 1x4=4
(i) ആന - കടമ്മനിട്ട
(ii) ഓണപ്പാട്ടുകാർ - ബാലാമണിയമ്മ
(iii) നദിയൊഴുകുന്നു - എഴുത്തച്ഛൻ
(iv) മുത്തശ്ശി - സുഗതകുമാരി
വൈലോപ്പിള്ളി

IX. ശരിയായ ഉത്തരം എടുത്തെഴുതുക. 8x1=8
30. എന്താണ് കാലവാഹിനി ?
(a) ഒഴുകുന്ന നദി (b) ഉഷസ്സ് (c) ഹരിതരാഗം

31. എന്തിനാണ് വാല്മീകി കിരാതന്മാരുമൊത്ത് ദുഷ്ടജീവിതം നയിച്ചത് ?
(a) വിനോദത്തിന് (b) ഉപജീവനത്തിന് (c) പാവങ്ങളെ രക്ഷിക്കാൻ

32. ആരു വരുമെന്നോർത്താണ് ആന കണ്ണീരൊലിപ്പിച്ച് കാതോർത്ത് നിൽക്കുന്നത് ?
(a) പാപ്പാൻ (b) തള്ളയാന (c) മഹാവിഷ്ണു

33. നളചരിതം ആട്ടക്കഥ എത്ര ദിവസം അഭിനയിക്കത്തക്ക രീതിയിലാണ് രചിച്ചിട്ടുള്ളത് ?
(a) അഞ്ച് ദിവസം (b) നാല് ദിവസം (c) രണ്ടു ദിവസം

34. കവിയുടെ തറവാട് എങ്ങനെയുള്ളതായിരുന്നു ?
(a) ചുറ്റും മതിൽക്കെട്ടുള്ളത്
(b) പേരാൽ പോലെ വളർന്നത്
(c) നാലുകെട്ടുള്ളത്

35. അത്താഴമുണ്ണുന്ന ക്രിസ്തുവിനെ ആരാണ് വാഴ്ത്തിപ്പാടിയത് ?
(a) വസന്തദേവത (b) മാരുതൻ (c) പൂങ്കുയിൽ

36. വൈലോപ്പിള്ളിയുടെ 'ഓണപ്പാട്ടുകാർ' ഏതു കവിതാസമാഹാരത്തിലെ കവിതയാണ് ?
(a) മകരക്കൊയ്ത്ത് (b) കയ്പവല്ലരി (c) ഓണപ്പാട്ടുകാർ

37. മുത്തശ്ശിയുടെ ചുങ്ങിയ തോലിനുള്ളിൽ ഇക്കിളി പകർന്നത് എന്താണ് ?
(a) മാതൃത്വലാളിത്യം
(b) ജീവിതം പൂത്തു തളിർത്ത വസന്തം
(c) മറ്റുവിരലുകൾ

X. ഒറ്റവാക്കിൽ ഉത്തരമെഴുതുക. 1x8=8

38. നദി ഒഴുകുമ്പോൾ എന്താണ് സ്വർഗമാകുന്നത് ?

39. മഹർഷിയായിത്തീരുന്നതിനുമുമ്പ് ആരായിരുന്നു വാല്മീകിയുടെ ഭാര്യ ?

40. ആരാണ് പച്ചക്കാടിന്റെ കിടാവ് ?

41. മറ്റുള്ളവർ കാണാതിരിക്കത്തക്കവണ്ണം ദേവന്മാർ നളന് ഉപദേശിച്ച മന്ത്രത്തിന്റെ പേര്.

42. ഇറയത്ത് ഒറ്റത്ത് അർദ്ധനിദ്രിതനായി കവി ആരെയാണ് സ്വപ്നം കണ്ടത് ?

43. ആരാണ് പച്ചവെള്ളത്തെ മുന്തിരിച്ചാറാക്കിയത് ?

44. ബാലാമണിയമ്മയുടെ പ്രസിദ്ധയായ മകൾ ആരാണ് ?

45. എവിടെയാണ് ഭിക്ഷുപരമ്പര മേളിച്ചൊഴുകുന്നത് ?

- o 0 o -